# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3470** | **22/08/2017-ൽ മറുപടിക്ക്**

## പനി വ്യാപനം തടയാൻ നടപടി

**ചോദ്യം**

**ശ്രീ.കെ.സുരേഷ് കുറുപ്പ്**

എ) ഈ വർഷം സംസ്ഥാനത്ത്, പ്രത്യേകിച്ച് തലസ്ഥാനത്ത് പനി വ്യാപിക്കുന്നത് തടയാൻ സർക്കാർ തലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്;

**മറുപടി**

**ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**
(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി)

എ) പനി വ്യാപിക്കുന്നത് തടയുവാനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചു.

1. ഗവൺമെന്റ് ആശുപത്രികളിൽ പ്രത്യേക പനി ക്ലിനിക്ക് ആരംഭിച്ചു
2. ആശുപത്രികളിൽ ഒ.പി സമയം ദീർഘിപ്പിച്ചു.
3. പനി പ്രത്യേകിച്ച് ഡങ്കിപ്പനിയായി ഐ.പി. ആയ രോഗികളെ കൊതുകുവലകളിൽ കിടത്തി
4. ആവശ്യമായ മരുന്നുകളുടെ ലഭ്യത ഉറപ്പ് വരുത്തി
5. കൊതുകുനിയന്ത്രണത്തിനായുള്ള കീടനാശിനികളുടെ ലഭ്യത ഉറപ്പ് വരുത്തി.
6. പ്ലാൻ ഫണ്ടും, എൻ.വി.ബി.ഡി.സി.പി ഫണ്ടുകൾ ചിലവഴിച്ചു.
7. നാഷണൽ ഹെൽത്ത് മിഷൻ (എൻ.എച്ച്.എം) വഴി ഓരോ വാർഡുകൾക്കും 10,000/- രൂപ വീതം അനുവദിച്ചു വരുന്നു.
8. പ്രത്യേക അവലോകന മീറ്റിംഗ് വിളിച്ചുകൂട്ടി.
9. ഉറവിട നശീകരണപ്രവർത്തനങ്ങൾ ആശ, അംഗൻവാടി, ആരോഗ്യ-പ്രവർത്തകർ തുടങ്ങിയവർ വഴി നടത്തി.
10. ഫിവർ സർവ്വെയിലൻസ് (നിരീക്ഷണം നടത്തി)
11. കൊതുക് നിയന്ത്രണ പ്രവർത്തനങ്ങളായ സ്പ്രേയിംഗ്, ഫോഗിംഗ്, ഐ.എസ്.എസ് എന്നിവ നടത്തി.
12. കൊതുകിന്റെ സാന്ദ്രതാപഠനം നടത്തി
13. ആരോഗ്യ ബോധവൽക്കരണ പോസ്റ്ററുകൾ, നോട്ടീസ്, ലഘുലേഖകൾ, ബിറ്റ്നോട്ടീസ്

എന്നിവ തയ്യാറാക്കി വിതരണം ചെയ്തു.

14. വാഹന പ്രചരണം, ആരോഗ്യ സന്ദേശയാത്ര, മൈക്ക് പ്രചരണം എന്നിവ നടത്തി.

**ബി)** ഭാവിയിൽ ഇത്തരത്തിൽ പനി വ്യാപിക്കുന്നത് തടയാൻ സംസ്ഥാന തലത്തിൽ വിവിധ ഏജൻസികളെ ഏകോപിപ്പിച്ച് കൊണ്ട് ഒരു മാസ്റ്റർപ്ലാൻ തയാറാക്കി പ്രതിരോധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുമോ?

**ബി)** മെഡിക്കൽ കോളേജ് കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം, ഐ.എം.എ., റസിഡന്റ്സ് അസോസിയേഷൻ. സ്വകാര്യ ആശുപത്രി മാനേജ്മെന്റുകൾ. രാജീവ് ഗാന്ധി ബയോടെക്നോളജി എന്നീ സ്ഥാപനങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് മാസ്റ്റർപ്ലാൻ തയ്യാറാക്കി പ്രതിരോധ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**